**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat khalifathullah Munir Ahmad Azim (A)**
**11 November 2016 (10 Safar 1438 Hijira)**

# The Value of Life / ജീവിതത്തിന്റെ വില

സലാമിന് ശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം **ജീവിതത്തിന്റെ വില** എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിച്ചു.മനുഷ്യന്റെ നിലനില്പ് എങ്ങനെയൊ സംഭവിച്ചതല്ല അവന്റെ ഭൂമിയിലെ നിലനില്പ്പ് ലക്ഷ്യമില്ലാതയുമല്ല. ചില പ്രത്യേക ഉദ്ദേശ ലക്ഷ്യങ്ങൾക്കായി ദൈവീക വിധി പ്രകാരമാണ് അവന്റെ സൃഷ്ടിപ്പുണ്ടായത്. നിസ്സംശയം, അതിശയോക്തി ഒട്ടും കലരാതെ നമുക്ക് പറയുവാൻ കഴിയും. അതായത് മറ്റു സൃഷ്ടികളിൽ നിന്നും മഹത്വമുടയവനായ ദൈവം അവന് മുൻഗണന നല്കിയിരിക്കുന്നുവെന്ന് ! തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു. **കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽ നിന്ന് അവർക്ക് ആഹാരം നല്കുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു (17:71)**

മറ്റു സൃഷ്ടികളെ അപേക്ഷിച്ച് അവന് മേധാവിത്വം നല്കിയിരിക്കുന്നുവെന്ന് പല നിലയിലും അവൻ തെളിയിച്ചിട്ടുമുണ്ട് അതിലൊന്നാണ് ദൈവം അവന് സ്വതന്ത്രമായ തീരുമാനമെടുക്കുവാനുള്ള കഴിവ് നല്കിയിരിക്കുന്നു എന്നത് ! നല്ലതും ചീത്തയും വേർതിരിക്കുവാനുള്ള ഒരു മനസ്സ് അവന് നല്കിയിരിക്കുന്നു എന്നത് മറ്റൊരു കാര്യം. മാത്രമല്ല അവനൊരാത്മാവ് ഉണ്ട് അത് ദൈവം സൃഷ്ടിച്ചതാണ്. ദൈവം മാലാഖയോട് കല്പിച്ചു ആ ആത്മാവിനെ അവന്റെ ശരീരത്തിൽ നിക്ഷേപിക്കുവാൻ, അവൻ മനുഷ്യനായി തീരുവാൻ ദൈവം അവന്റെ അനുഗ്രഹീത ഗ്രന്ഥത്തിൽ അവനെ പുകഴ്ത്തി പറഞ്ഞിരിക്കുന്നു. മനുഷ്യസൃഷ്ടിപ്പിന്റെ വിവിധ അവസ്ഥകളെ പ്രതിപാദിക്കുമ്പോൾ ! **നാം മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് നാം അതിനെ രേതസ്ക്കണമാക്കി ഭദ്രമായ ഒരു സ്ഥാനത്ത് (സൂക്ഷിച്ചു) പിന്നീട് ആ രേതസ്ക്കണത്തെ ഒട്ടിപ്പിടിക്കുന്ന വസ്തുവായും പിന്നെ ആ ഒട്ടിപ്പിടിക്കുന്ന വസ്തുവിനെ മാംസപിണ്ഡമായും പിന്നെ, മാംസപിണ്ഡത്തെ അസ്ഥികളായും നാം രൂപന്തരപ്പെടുത്തി അനന്തരം അസ്ഥികളെ നാം മാംസം കൊണ്ട് പൊതിഞ്ഞു പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപന്തരപ്പെടുത്തി. അതിനാൽ ഏറ്റവും നല്ലനിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണ്ണനാകുന്നു (23 :13-15)**

ആയതിനാൽ മറ്റുള്ള സൃഷ്ടികളിൽ നിന്നും മനുഷ്യനുള്ള വിലയും നിലയും അവൻ മനസ്സിലാക്കേണ്ടതാണ്. ദൈവസൃഷ്ടികളിൽ വെച്ച് അവൻ അതുല്യനായ ഒരു സൃഷ്ടിതന്നെയാണ്. അവന്റെ ആത്മാവും അവന്റെ ശരീരവും മഹാനായ സൃഷ്ടാവിന്റെ അനുഗ്രഹ പ്രകടനമാണ് അതിശയകരമായ ഒരു സമ്മാനം തന്നെയാണത് ! അതിനെ കാത്തുസൂക്ഷിക്കുക, സംരക്ഷിക്കുക, (അവന്റെ ശരീരത്തിനോ ആത്മാവിനോ ഒരു തരത്തിലുംള്ള കേടും സംഭവിക്കാതെ) എന്നത് അവന്റെ ഉത്തരവാദിത്വം തന്നെയാണ്. ഈ യാഥാർത്ഥ്യങ്ങളൊക്കെ വിസ്മരിച്ച്, ഭൂമിയിലെ മനുഷ്യന്റെ നിലനില്പ്, അർത്ഥമില്ലാത്തതാണെന്ന് ധരിച്ച്, തന്റെ കണ്ണുകളിൽ തന്റെ ജൻമോദ്ദേശ്യം ഒന്നുമില്ലാത്തതാണെന്ന് കരുതുന്നു. മറ്റു ജീവികളെപോലെ താനും ഒരു ജീവി മാത്രമാണെന്നു കരുതുന്നു. ഒരു തുടക്കവും ഒടുക്കവും മാത്രം ! അതിൽ കഴിഞ്ഞൊന്നുമില്ല. ഈ നിലയിലുള്ള ചിന്ത ആയിരിക്കണക്കിന് അല്ല ലക്ഷക്കണക്കിനാളുകളുടെ ജീവിതത്തെ നഷ്ട്ടപ്പെടുത്തിക്കളഞ്ഞുകൊണ്ടിരിക്കുന്നു. ശരിയായ കാരണം കൂടാതെ എത്ര ജനതയെയാണ് ഉന്മൂലനാശം വരുത്തിയിരിക്കുന്നത്. കുറ്റം ഒരു ചാട്ടയായി മാറിയിരിക്കുന്നു. ദിനംതോറും ചർച്ച ചെയ്യപ്പെടുന്നതും അതു തന്നെ ! കുറ്റം ചെയ്യപ്പെടാത്ത ഒരു നിമിഷവും ജീവിതത്തിൽ കടന്നുപോകുന്നില്ല. അതെവിടെയുമാകട്ടെ ! നിസ്സാരകാര്യങ്ങൾക്കാണ് കൊലചെയ്യപ്പെടുന്നത്. ഒരു സിഗരറ്റിനു വേണ്ടിയാകാം. ചെറിയ ഒരു തുകയ്ക്കു വേണ്ടിയാകാം, അസൂയകൊണ്ടാകാം, ഒരു പ്രേമകഥയാകാം അങ്ങനെ പലതും. എന്നാൽ അല്ലാഹു ഒരാളെ മറ്റൊരാൾ വധിക്കുന്നത് സ്പഷ്ടമായ നിലയിൽ തടഞ്ഞിട്ടുള്ളതാകുന്നു. **അല്ലാഹു (വധിക്കുന്നത്) നിരോധിച്ചിട്ടുള്ള ജീവനെ നിങ്ങൾ ന്യായമായ കാരണം കൂടാതെ വധിക്കരുത്. ആരെങ്കിലും മർദ്ദിതനായി വധിക്കപ്പെടുന്നതായാൽ നാം അവന്റെ അവകാശിക്ക് (പ്രതി ക്രിയ നടത്തുവാനുള്ള) അധികാരം നല്കിയിരിക്കുന്നു. എന്നാൽ അവൻ കൊലയിൽ (നിശ്ചിത) പരിധി അതിലംഘിക്കരുത് കാരണം അവൻ (നിയമ) സഹായം ലഭിക്കുന്നവനാണ് 17 : 34)**

കൂട്ടക്കൊലകൾക്കും കുറ്റങ്ങൾക്കൊപ്പം അപകടകരമായ നിലയിൽ വർധിച്ചുകൊണ്ടിരിക്കുന്നു മറ്റൊരു കാര്യമാണ് **ആത്മഹത്യ.** ഒരാൾ തന്റെ ജീവിതം തന്റെ കൈകൊണ്ടുതന്നെ അവസാനിപ്പിക്കുന്നത് വളരെ ഗൗരവകരമായ കുറ്റകൃത്യമാണ്, പാപമാണ്, സൃഷ്ടാവായ ദൈവം നിരോധിച്ചിട്ടുള്ള കാര്യവുമാണ്. **നിങ്ങൾ നിങ്ങളെത്തന്നെ വധിക്കുകയുമരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയേറെ കരുണയുള്ളവാനാകുന്നു. (4:30)**

നമുക്കവൻ ജീവിതം നല്കിയിട്ടുണ്ടെങ്കിൽ, നമ്മൾ തന്നെ അത് എന്തിന് ഇല്ലാതാക്കണം ? ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് വളരെ ദുഃഖകരം തന്നെ, അത്ര വളരെ ഭയാനകം തന്നെ ! വിശിഷ്യായുവജനങ്ങളിൽ ! അവർ അവരുടെ ജീവിതം അവസാനിപ്പിക്കുന്നത് വിവിധങ്ങളായ നിസ്സാരകാര്യങ്ങൾക്കുവേണ്ടിയാണ്. ഉദാഹരണത്തിന്, പരീക്ഷയിൽ തോല്ക്കുക, ജോലി കണ്ടെത്തുവാനുള്ള ബുദ്ധിമുട്ടുകൾ, പ്രേമനൈരാശ്യം, രക്ഷകർത്താക്കളുമായുള്ള തർക്കം തുടങ്ങിയവ! ഇതിലേതെങ്കിലും ഒരു പ്രശ്നം മുന്നിൽ വരുമ്പോൾ, പ്രശ്നപരിഹാരത്തിന് ജീവിതം തന്നെ അവസാനിപ്പിച്ചേക്കാം എന്നാണവൻ തീരുമാനിക്കുന്നത്. **ആത്മഹത്യ ഒരു പാപമാണ്.** ഉയർത്തെഴുന്നേല്പ് നാൾ അതിന്റെ അനന്തരഫലം വളരെ വലുതായിരിക്കും. അപ്രകാരം മടങ്ങിപ്പോകുന്നവർ ജാഗ്രതയിലായിരിക്കട്ടെ!

അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്യുന്നു. പ്രവാചകൻ (സ) പറഞ്ഞു **ആരാണോ തന്റെ ജീവൻ ഇരുമ്പുകൊണ്ടവസാനിപ്പിക്കുന്നത്, അവന്റെ കൈയിൽ ആ ഇരുമ്പുണ്ടായിരിക്കും. നരകാഗ്നിയിൽ, അതുകൊണ്ട്, അവന്റെ മാറ് മാന്തിപിളർന്നുകൊണ്ടിരിക്കും, അവിടെ അവർ ശാശ്വതമായി വസിക്കും. ആരാണോ വിഷം കഴിച്ച് ആത്മഹത്യചെയ്യുന്നത്, അവൻ നരകാഗ്നിയിൽ നിന്ന് കുടിച്ചുകൊണ്ടിരിക്കും, അവൻ അവിടെ ശാശ്വതമായി കഴിയുന്നതാണ്. ആരാണോ പർവ്വതമുകളിൽ നിന്നും ചാടി ചാകുന്നത് അവൻ നരകാഗ്നിയിൽ എറിയപ്പെട്ടു കൊണ്ടിരിക്കും അവനവിടെ സ്ഥിരമായി കഴിയും (മുസ്ലിം)**

ഈ കഠിന കഠോര ശിക്ഷ നമ്മെ പഠിപ്പിക്കുന്നത് ആത്മഹത്യ വളരെ വലിയ തെറ്റാണ് എന്നും ശിക്ഷയും കഠിനതരമാണ് എന്നാണ് പരലോകജീവിതത്തിൽ ഒരാശ്വാസവും ലഭിക്കുന്നതുമല്ല എന്ന പാഠവും നല്കുന്നു. നിരാശയാണ് ഇത്തരം ഒരു സാഹചര്യത്തിലേക്ക് അവനെ വലിച്ചിഴച്ചതെങ്കിൽ, അവൻ മനസ്സിലാക്കിക്കൊള്ളട്ടെ, ഇഹലോകജീവിതത്തിന് ശേഷം അവനെ കാത്തിരിക്കുന്നത് വളരെ മോശമായ സങ്കേതമാണ്. നാം ഓരോരുത്തരും മുസ്ലിംകളാകട്ടെ അല്ലാത്തവരാകട്ടെ, ജീവിതത്തിന്റെ യഥാർത്ഥവിലയെക്കുറിച്ച് ഗ്രഹിക്കുവാൻ, നല്ലനിലയിൽ ചിന്തിക്കട്ടെ! രാവും പകലും ഈ ദൈവീകവരദാനത്തെ കാത്തുസംരക്ഷിക്കാം. മറ്റുള്ളവരുടെ ജീവനെ നമുക്കാദരിക്കാം.

ദൈവത്തിന്റെ വാക്കുകളെ നമുക്ക് ജാഗ്രതയോടെ പരിപാലിക്കാം ഇക്കാരണത്താൽ ബനൂഇസ്രാഈല്യരോട് നാം കല്പിച്ചു. **ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ, നാട്ടിൽ കുഴപ്പുമുണ്ടാക്കുകയോ ചെയ്യാത്തനിലയിൽ (നിരപരാധിയായ) ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചതുപോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചതുപോലെയാകുന്നു. തീർച്ചയായും നമ്മുടെ ദൂതന്മാർ വ്യക്തമായ ദൃഷ്ടാന്തങ്ങളായി അവരുടെയടുക്കൽ ചെന്നിട്ടുണ്ട്. എന്നിട്ട്, അതിന് ശേഷവും അവരിൽ അധികം പേരും നാട്ടിൽ അമിതത്വം പ്രവർത്തിക്കുന്നവർ തന്നെയാണ് 5 : 33**

അതെ! നമുക്ക് ജീവിതം നല്കിയത് ദൈവമാകുന്നു. അതുകൊണ്ടു തന്നെ അവൻ ഉദ്ദേശിക്കുമ്പോൾ അത് തിരിച്ചെടുക്കുവാനുള്ള അവകാശവും അവനു മാത്രമുള്ളതാകുന്നു. മരണത്തോടെ ഭൂമിയിലെ നിങ്ങളുടെ വാസം അവസാനിച്ചിരിക്കുന്നു എന്ന് കരുതരുത്. ജീവിതത്തിൽ ഒരിക്കലും നിരാശപ്പെടരുത്. കാരണം നിരാശ പിശാചിന്റെയും തങ്ങളുടെ സൃഷ്ടാവിനെ അംഗീകരിക്കാത്തവരുടെയും പ്രവർത്തിയാണ്. അതുകൊണ്ട് ദൈവത്തിൽ ഭരമേല്പിക്കുക. **അപ്പോൾ (ഓർമ്മിക്കുക) തീർച്ചയായും പ്രയാസത്തോടു കൂടി (പ്രയാസത്തെ തുടർന്ന്) ആശ്വാസം ലഭിക്കുന്നതാണ് (94:6,7)**

കോപം, അസൂയ, മറുത്തു സംസാരിക്കുക ഇവ മോശം ഉപദേശകരാണ്. അവയെ കീഴ്പ്പെടുത്തുവാൻ ശ്രമിക്കുക ; നിങ്ങളെ എതിർക്കുന്നവർക്ക് നിങ്ങൾ മാപ്പു ചെയ്യുക. നിങ്ങളുടെ ജീവിതത്തിൽ നിങ്ങൾ സംതൃപ്തനായിരിക്കുക. നിങ്ങളുടെ സാഹചര്യം ഏതു നിലയിലായാലും ശരി ! ദൈവം നമ്മുടെ മേൽ കരുണചൊരിയട്ടെ ! നമുക്ക് അവൻ മാപ്പ് നല്കട്ടെ ! ആമീൻ

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**